പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **590**

12.06.2012-ൽ മറുപടിക്ക്

## കൊല്ലത്ത് സ്ഥാപിക്കാൻ തീരുമാനിച്ച ധാതുമണൽ ഗവേഷണം, നാനോ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| മുൻ സർക്കാർ കൊല്ലം ജില്ലയിൽ സ്ഥാപിക്കാൻ തീരുമാനിച്ച ധാതുമണൽ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൻെറയും, നാനോ ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻെറയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ? | ചവറയിലെ കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് കമ്പനിയുടെ ഒരു ഡിവിഷനായി നാഷണൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി കേന്ദ്ര ഖനി മന്ത്രാലയം, ശാസ്ത്ര-സാങ്കേതിക വകുപ്പ്, സി.എസ്.ഐ.ആർ, ഡി.ആർ.ഡി.ഒ എന്നിവയുടെ പങ്കാളിത്തത്തിനുള്ള സാദ്ധ്യതയും പരിശോധിച്ചുവരുന്നു. നാനോ ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട ഗവേഷണ ചുമതലകൾ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ ഏൽപ്പിച്ചു. അതിൻെറ നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത വിഷയം 2012-13 വാർഷിക ബഡ്ജറ്റിലും, പന്ത്രണ്ടാമത് പഞ്ചവത്സര പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 2013 ജനുവരിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Adithab

സെക്ഷൻ ഓഫീസർ